# പതിമൂന്നാം കേരള നിയമസഭ

## ആറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 1517 — 14.12.2012 ൽ മറുപടിക്ക്

## പ്രവാസി മലയാളികളുടെ പ്രശ്നങ്ങൾ പരിഹരിക്കുവാൻ സ്വീകരിച്ച നടപടികൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. സി. എഫ്. തോമസ്:<br>ശ്രീ. റ്റി. യു. കുരുവിള: | ശ്രീ. കെ. സി. ജോസഫ്<br>(ഗ്രാമവികസനവും ആസൂത്രണവും നോർക്കയും സാംസ്കാരികവും വകുപ്പു മന്ത്രി) |

| | | |
|---|---|---|
| (എ) പ്രവാസി മലയാളികളുടെ പ്രശ്നങ്ങൾ പരിഹരിക്കുവാൻ സ്വീകരിച്ച നടപടികൾ എന്തൊക്കെ എന്ന് വ്യക്തമാക്കുമോ ; | (എ) | വിദേശങ്ങളിൽ ശിക്ഷിക്കപ്പെട്ട് കഴിയുന്ന മലയാളികളുടെ പരാതികളും, വീട്ടു ജോലിയ്ക്കായി വിദേശങ്ങളിൽ പോകുന്ന സ്ത്രീകൾ പീഡിപ്പിക്കപ്പെടുന്നതായുള്ള പരാതികളും ബന്ധപ്പെട്ട എംബസികളുടെ ശ്രദ്ധയിൽപ്പെടുത്തി അവരെ മോചിപ്പിച്ചു നാട്ടിൽ എത്തിക്കുന്നതിനുള്ള നടപടികൾ യഥാസമയം സ്വീകരിച്ച് വരുന്നുണ്ട്. ഇതിനു പുറമേ വിദേശരാജ്യങ്ങളിൽ തൊഴിൽ സംബന്ധമായ കേസുകളിൽ കുടുങ്ങിയവരെയും മറ്റു നിയമപ്രശ്നങ്ങൾ നേരിടുന്നവരെയും സഹായിക്കുന്നതിനായി പ്രവാസി ലീഗൽ എയ്ഡ് സെൽ ആരംഭിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. വിദേശ ജയിലുകളിൽ നിന്ന് മോചിതരാകുന്നവർക്ക് സൗജന്യ വിമാനടിക്കറ്റ് നൽകുന്നതിനായും പദ്ധതി |

| | | |
|---|---|---|
| | | ആവിഷ്കരിച്ചിട്ടുണ്ട്.<br>എയർ ഇന്ത്യ വിമാന സർവ്വീസ് റദ്ദാക്കൽ മൂലവും വിമാന കമ്പനികളുടെ അടിക്കടിയുള്ള നിരക്ക് വർദ്ധനവ് മൂലവും പ്രവാസികൾ നേരിടുന്ന പ്രശ്നങ്ങൾ കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്.<br>പ്രവാസി മലയാളികൾക്ക് അടിയന്തിര സഹായം വേണ്ടി വരുന്ന വിദേശരാജ്യങ്ങളിലെ പൊതുമാപ്പ് പോലുള്ള വിഷയങ്ങളിൽ സംസ്ഥാന സർക്കാർ ഫലപ്രദമായി ഇടപെട്ട് പ്രശ്ന പരിഹാരത്തിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നുണ്ട്. യു. എ. ഇയിൽ നിലവിൽ പ്രഖ്യാപിച്ച പൊതുമാപ്പിന്റെ ആനുകൂല്യം പരമാവധി പ്രവാസി കേരളീയർ പ്രയോജനപ്പെടുത്താൻ എംബസ്സി അധികൃതരുടെയും വിദേശ പ്രവാസി സംഘടനകളുടെയും സഹകരണം ഉറപ്പു വരുത്തിയിട്ടുണ്ട്. പൊതുമാപ്പിന്റെ ആനുകൂല്യം ലഭിക്കുന്നതിന് എംബസ്സി ഏർപ്പെടുത്തിയിട്ടുള്ള ഫീസ് കേരള സർക്കാർ വഹിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. |
| (ബി) എയർ ഇൻഡ്യയുടെ അടിക്കടിയുള്ള വിമാനം റദ്ദാക്കൽ മൂലം ദുരിതം അനുഭവിക്കുന്ന മലയാളികൾക്ക് എന്തൊക്കെ സഹായം നൽകുവാൻ കഴിയുമെന്ന് വ്യക്തമാക്കാമോ ; | (ബി) | എയർ ഇൻഡ്യയുടെ സർവ്വീസ് റദ്ദാക്കൽ മൂലവും വിമാന കമ്പനികളുടെ അടിക്കടിയുള്ള നിരക്ക് വർദ്ധനവ് മൂലവും പ്രവാസികൾ നേരിടുന്ന പ്രശ്നങ്ങൾ കേന്ദ്ര വ്യോമയാന വകുപ്പിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. ഇത് കേന്ദ്ര സിവിൽ വ്യോമയാന മന്ത്രാലയത്തിന്റെ പരിധിയിൽ വരുന്ന കാര്യമായതിനാൽ |

| | | |
|---|---|---|
| | | സംസ്ഥാന സർക്കാരിന്റെ ഇടപെടലിന് പരിമിതികളുണ്ട്. |
| (സി) പ്രവാസി മലയാളികളുടെ ക്ഷേമ പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടപ്പാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കാമോ? | (സി) | പ്രവാസി മലയാളികളുടെ ക്ഷേമ പ്രവർത്തനങ്ങൾ നിലവിൽ കാര്യക്ഷമമായിട്ട് നോർക്ക - റൂട്ട്സ്, പ്രവാസി കേരളീയ ക്ഷേമ ബോർഡ് എന്നിവ മുഖാന്തിരം നടപ്പിലാക്കി വരുന്നുണ്ട്. കൂടാതെ ജില്ലകളിൽ നോർക്കാ - റൂട്ട്സ് സെല്ലുകൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നുണ്ട്. കൂടാതെ ചെന്നൈ, ബംഗളൂരു, ബറോഡ തുടങ്ങിയ നഗരങ്ങളിൽ നോർക്ക- റൂട്ട്സ് സാറ്റലൈറ്റ് ഓഫീസുകൾ ആരംഭിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ